പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2589 **28-10-2026-ൽ മറുപടിയ്ക്ക്**

പുനലൂർ മണ്ഡലത്തിലെ പട്ടിക ജാതി / പട്ടിക വർഗ്ഗ ക്ഷേമ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പുനലൂർ മണ്ഡലത്തിലെ വിവിധ പട്ടിക ജാതി ഉന്നതികളിൽ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് നിലവിൽ നടന്നു വരുന്ന വികസന പദ്ധതികൾ എന്തെല്ലാമെന്നും ഓരോ പദ്ധതിയുമായും ബന്ധപ്പെട്ട പ്രവൃത്തികളുടെ അടങ്കൽ തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

മറുപടി: പുനലൂർ മണ്ഡലത്തിലെ വിവിധ പട്ടിക ജാതി ഉന്നതികളിൽ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 3 പ്രവൃത്തികളും, കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം 1 പ്രവൃത്തിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 10 പ്രവൃത്തികളും നടന്നു വരുന്നു. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.

(ബി) പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനും ഉന്നതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി പുനലൂർ മണ്ഡലത്തിലെ ഉന്നതികളിൽ ഉടൻ ആരംഭിക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമാണെന്നും ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതെന്നും ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ അടങ്കൽ തുക എത്രയെന്നും വിശദമാക്കാമോ?

മറുപടി: പുനലൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനും ഉന്നതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഉടൻ ആരംഭിക്കുന്ന വികസന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി - 2020-21 പ്രകാരം ആര്യങ്കാവ് പഞ്ചായത്തിൽ 4,14,793/- രൂപയുടെ കലുങ്ക് നിർമ്മാണ പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്.

2. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി - 2022-23 പ്രകാരം കുളത്തുപ്പുഴ പഞ്ചായത്തിലെ കടമാൻകോട് ഉന്നതിയിൽ ടൈബൽ നഴ്സറി സ്കൂളിന് മാർച്ച് സ്റ്റാൻഡ്, ചിൽഡ്രൻസ് പാർക്ക്, ടൈബൽ എൽ.പി. സ്കൂളിന് സംരക്ഷണഭിത്തി നിർമ്മാണം, ഇന്റർലോക്ക് വിരിക്കൽ, കൾച്ചറൽ .സെന്ററിന് സമീപം ടോയ്ലറ്റ് ബ്ലോക്ക്, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, തെരുവുവിളക്ക് സ്ഥാപിക്കൽ, റോഡ് റീടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ 85,43,000/- രൂപയുടെ വികസന പദ്ധതികൾ ഉടൻ ആരംഭിക്കുന്നതാണ്.

3. 2026-27 കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അരിപ്പ പുനരധിവാസ ഉന്നതിയിൽ 5,58,000/- രൂപയുടെ കുടിവെള്ള പദ്ധതിക്കും 25,00,000/-രൂപയുടെ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനും 1,88,704/- രൂപ അടങ്കൽ തുകയുള്ള തെരുവുവിളക്ക് സ്ഥാപിക്കൽ പദ്ധതിക്കും ജില്ലാ വികസന സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമനം.	നഗറിന്റെ പേര്/ പ്രവൃത്തിയുടെ പേര്	പഞ്ചായത്ത്	അടങ്കൽ തുക	നിലവിലെ സ്ഥിതി
			അംബേദ്കർ ഗ്രാമം	
1	ഇലവും കുന്ന് ഒലിയരുക്ക് നഗർ	ഏരൂർ	99,99,792	പദ്ധതി പ്രകാരമുള്ള 60% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. വർക്ക് നടന്നുകൊണ്ടിരിക്കുന്നു.
2	ഓലപ്പാറ നഗർ	തെന്മല	99,98,765	പദ്ധതി പ്രകാരമുള്ള 70% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. വർക്ക് നടന്നുകൊണ്ടിരിക്കുന്നു.
3	നടുകുന്നിൻപുറം നഗർ	ഏരൂർ	1,00,00,000 (എസ്റ്റിമേറ്റ് തുക)	എസ്റ്റിമേറ്റ് അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.
			കോർപ്പസ് ഫണ്ട്	

1	പഴയേത്രൂർ സ്നേഹാരം നഗർ റോഡ് കോൺക്രീറ്റിംഗ്	ഏത്രൂർ	23,00,000	കോർപ്പസ് ഫണ്ട് പദ്ധതി 2023-24 വർഷത്തിൽ ഉൾപ്പെട്ടുത്തി ഭരണാനുമതി നൽകിയ ഈ പ്രവൃത്തി ആരംഭിച്ചിരുന്നില്ല. നിലവിൽ DSOR നിരക്കിൽ വന്ന വ്യതിയാനം മൂലം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് യാതൊരു പ്രവർത്തനവും ആരംഭിക്കാത്ത സാഹചര്യത്തിൽ ഈ പ്രവൃത്തി 2026-27 സാമ്പത്തിക വർഷത്തിലെ കോർപ്പസ് ഫണ്ട് ഇനത്തിൽ പുതിയ പദ്ധതിയായി ഏറ്റെടുക്കുന്നതിന് ജില്ലാതല പട്ടികജാതി പട്ടിക വർഗ്ഗ വികസന സമിതി മുമ്പാകെ ശുപാർശ ചെയ്തിട്ടുണ്ട്.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ				
1	ഉച്ചിക്കോട് നഗർ റോഡ് കോൺക്രീറ്റിംഗ്	അഞ്ചൽ	4,00,000	Tendered
2	ചാവരുകുന്ന് പടിഞ്ഞാറ്റിൻകര റോഡ് കോൺക്രീറ്റ് വാർഡ് 8	ഇടമുളയ്ക്കൽ	2,00,000	Tendered
3	കുരക്കണ്ണിൽ തലമല റോഡ് കോൺക്രീറ്റ് വാർഡ് 18	ഇടമുളയ്ക്കൽ	1,50,000	Tendered
4	പടിഞ്ഞാറ്റിൻകര മാമ്പഴക്കോണം റോഡ് - 7	ഇടമുളയ്ക്കൽ	3,05,000	Tendered

5	തടിക്കാട് കരുവാക്കോണം റോഡ് കോൺക്രീറ്റിംഗ് - 2	ഇടമുളയ്ക്കൽ	4,00,000	Tendered
6	നിരപ്പിൽ സാമൂഹ്യ പഠനകേന്ദ്രം നിർമ്മാണം	ഏരൂർ	95,000	Work ongoing
7	രണ്ടാംചാൽ കോളനി റോഡ് നിർമ്മാണം	ഏരൂർ	2,88,500	Not started
8	ഹരിതവാതുക്കൽ ഏരൂർ എൽപിഎസ്സ് കോളനി റോഡ് സൈഡ് വാൾ	ഏരൂർ	5,48,000	Not started
9	നിരപ്പിൽ സാമൂഹ്യ പഠനകേന്ദ്രം പൂർത്തീകരണം വാർഡ് 1	ഏരൂർ	16,67,000	Ongoing
10	ടെലിഫോൺ എക്സ്ചേഞ്ച് വ	ഏരൂർ		

	ൊള്ളച്ചാൽ റോഡ് സംരക്ഷണഭിത്തി നിർമ്മാണം വാർഡ് 2		92,000	Ongoing